# പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

## വെള്ളിയാഴ്ച ഖുത്തുബ

## ഹസ്രത്ത് ഖലീഫത്തുല്ല, അൽമസീഹുൽ മൗഊദ് മുനീർ അഹ്മദ് അസീം(അ)

*13 January 2012 (18 Safar 1433 Hijri)*

**(വെള്ളിയാഴ്ച ഖുത്തബയുടെ സംഗ്രഹം)**

ഭൂമുഖത്തുള്ള തന്റെ അനുയായികൾക്കെല്ലാം സമാധാന സന്ദേശം അർപ്പിച്ചശേഷം മസീഹുല്ലാ, ശഹാദത്തും, തഅവ്വുദും സൂറ:അൽ ഫാത്തിഹായും ഓതിയശേഷം പറഞ്ഞു.

ജമാഅത്തുസ്സഹീഹിൽ ഇസ്ലാം എന്ന സംഘത്തിലെ ഓരോ അംഗവും മുസ്ലിമാകുന്നു. അവൻ ഏകദൈവത്തിൽ വിശ്വസിക്കുന്നു. പരിശുദ്ധ പ്രവാചകൻ മുഹമ്മദി(സ.അ.) ൽ വിശ്വസിക്കുന്നു വാഗ്ദത്ത മസീഹായ മിർസാഗുലാം അഹ്മദ് (അ)ലും വിശ്വസിക്കുന്നു. അദ്ദേഹത്തിന്റെ ആഗമനത്തെ സംബന്ധിച്ച് മുഹമ്മദ് മുസ്തഫാ (സ.അ.) പ്രവചനം ചെയ്തിട്ടുള്ളതുമാകുന്നു. ദൈവീക വെളിപാടോടുകൂടി ഈ നൂറ്റാിലേക്ക് (ഹിജ്റ പതിനഞ്ചാം നൂറ്റാിലേക്ക് ) അല്ലാഹു നിയോഗിച്ച ഖലീഫുത്തുല്ലായും മുഹ്യിദ്ദീനുമായ മുനീർ അഹ്മദ് അസീം(അ) വിലും വിശ്വസിക്കുന്നു.

ഈ നൂറ്റാിലെ ഖലീഫത്തുല്ലാ (അതായത് വിനീതനായ ഈ ഞാൻ) ആയ ഞാൻ അല്ലാഹുവിന്റെ സന്ദേശ വാഹകനാകുന്നു. ഞാൻ മുഴുവൻ മാനവരാശിയേയും ഈ പരമമായ ദൈവീക സത്യത്തിലേക്ക് ക്ഷണിക്കുകയാണ്. എന്നാൽ ഇതുകൊ് എല്ലാം ആയില്ല. ഇസ്ലാം എന്നാൽ പ്രവൃത്തിയിലൂടെ കാണിച്ചു കൊടുക്കേ ഒരു ജീവിതശൈലിയാണ്. വിശുദ്ധ ഖുർ ആന്റെ അധ്യാപനങ്ങളനുസരിച്ച്, വിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ.അ.)ന്റെ മാതൃകയനുസരിച്ച് ജീവിച്ചു കാണിക്കേവരാണ്. മനുഷ്യ ജീവിതത്തിന്റെ യഥാർത്ഥ ലക്ഷ്യം വിശുദ്ധ ഖുർ ആന്റെ അധ്യാപനമനുസരിച്ച് കാര്യങ്ങൾ മനസ്സിലാക്കുകയും ഏക ദൈവത്തെ മാത്രം ആരാധിക്കുകയും അവനുവേി വാക്കുകൊും പ്രവൃത്തികൊും സർവ്വതും സമർപ്പിക്കുകയും ചെയ്യൽ നിർബന്ധമാകുന്നു. ഇസ്ലാമിലെ സഹീഹ് അൽ ഇസ്ലാം എന്താണ്? എല്ലാ പൊയ് ദൈവങ്ങളെയും അഗ്നിയിലിട്ടു ചാമ്പലാക്കലാണത്, നമ്മുടെ ധനവും,അന്തസ്സും ദൈവസമക്ഷം സമർപ്പിക്കലാണത്. ദൈവതൃപ്തിയെ മറയ്ക്കുന്ന എല്ലാ പരീക്ഷണങ്ങളിൽ നിന്നും ഒരു വിശ്വാസി തന്റെ ഹൃദയത്തെ സംശുദ്ധീകരിക്കുന്നു.

ഇസ്ലാമിന്റെ അധ്യാപനമനുസരിച്ച് ഒരു വിശ്വാസി (അതായത് ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ ഒരംഗം) തന്റെ ജീവിതത്തെ രൂപപ്പെടുത്തേതാണ്. ദൈവത്തോടുള്ള അവന്റെ അദമ്യമായ സ്നേഹവും വിശുദ്ധ പ്രവാചകൻ മുഹമ്മദ്(സ.അ.)നോടുള്ള സംശുദ്ധമായ സ്നേഹവായ്പും തന്റെ ജീവിതത്തിലുടനീളം നിഴലിച്ചു നില്ക്കേതാണ്. ആത്മീയ ഉത്തരവാദിത്വങ്ങളും കടമകളും നിർവ്വഹിക്കുന്നതിൽ നിന്ന് ഒരിക്കലും തന്റെ ധനവും ഇഹലോക സുഖങ്ങളും തടസ്സമായി നില്ക്കരുത്. തന്റെ സ്വഭാവത്തെ ദൈവഹിതത്തിനനുസരിച്ച് രൂപപ്പെടുത്തുക എന്നതാണ് തന്റെ പ്രഥമവും, പ്രധാനവുമായ ഉത്തരവാദിത്വം.

ഈ നൂറ്റാിലെ ഖലീഫത്തുല്ലാ എന്ന നിലയിൽ എന്റെ ദൗത്യം മാനവകുലത്തെ നവീകരിക്കുക എന്നതാണ്. അഹ്മദി മുസ്ലിംകളെയും മറ്റു മുസ്ലിംകളെയും മാത്രമല്ല എല്ലാ മതവിഭാഗത്തിൽപ്പെട്ട ആളുകളെയും ഇസ്ലാമിന് (സമാധാനമതത്തിന്) കീഴ്പ്പെടുവാൻ ആവശ്യപ്പെടുകയും അത് അംഗീകരിക്കുകയും ചെയ്യുന്നതിലൂടെയാണ് മാനവരാശിക്ക് നവീകരണം സംഭവിക്കുന്നത്.

ജമാ അത്തുസ്സഹീഹിൽ ഇസ്ലാമിലെ ഒരംഗത്തിന്റെ സവിശേഷമായ പ്രത്യേകത, സഹീഹിൽ ഇസ്ലാം പ്രസ്ഥാനത്തിൽ നിന്നും മാറ്റിനിർത്താൻ കഴിയാത്ത വിധമുള്ള ഒരഭേദ്യമായ ബന്ധം അതിനോടു

ായിരിക്കുക എന്നതാണ്. ഈ ദൈവീകാനുരാഗം അവന്റെ ജീവിതത്തെ നിയന്ത്രിക്കുന്നു. ദൈവീക നിയമത്തിൽ നിന്ന് ഒരല്പ്പമെങ്കിലും അകന്നു നില്ക്കുന്നത് അവനെ സംബന്ധിച്ചിടത്തോളം അങ്ങേ അറ്റം വെറുപ്പുളവാക്കുന്ന കാര്യമാണ്. ഭൗതികതയ്ക്ക് ഒരണുവിന്റെ തൂക്കത്തിൽ മുൻതൂക്കം കൊടുത്താൽ അങ്ങനെയുള്ളവരെ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെയും, ഈ നൂറ്റാിലെ ഖലീഫുത്തുല്ലായുടെയും, യഥാർത്ഥ അനുയായികളായി കാണപ്പെടാവുന്നതല്ല. അതായത് ഇസ്ലാമിന്റെ ഒരു നിയമമോ, തത്വമോ, ഐഹികകാര്യത്തിനായി അവഗണിക്കുവാൻ പാടില്ലാത്തതാകുന്നു. ആയതിനാൽ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ ഒരംഗത്തിൽ ഇസ്ലാമിന്റെ അടിസ്ഥാന തത്വങ്ങൾ പ്രതിഫലിക്കുക മാത്രമല്ല വേത് മറ്റുള്ളവർ അപ്രധാനം എന്നു കരുതുന്ന വിശ്വാസത്തിന്റെ ഏറ്റവും നല്ല അമൂർത്തഭാവങ്ങൾ പോലും കാത്തുസൂക്ഷിക്കേിയിരിക്കുന്നു.

ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ ഒരംഗം

(1) ഇസ്ലാമിന്റെ ഒരു പടയാളി ആയിരിക്കണം
(2) ഇസ്ലാമിന്റെ ഒരു സ്ഥാനപതി ആയിരിക്കണം
(3) ഇസ്ലാമിന്റെ ഒരു ധർമ്മോപദേശകനായിരിക്കണം
(4) ഇസ്ലാമിന്റെ ഒരു സേവകനായിരിക്കണം
(5) ഇസ്ലാമിന്റെ ഒരു രക്ഷകനായിരിക്കണം
(6) ഇസ്ലാമിന്റെ മൂർത്തിമദ് ഭാവമായിരിക്കണം

## ഇസ്ലാമിന്റെ ഒരു പടയാളി ആയിരിക്കണം

ഇസ്ലാമിന്റെ ഒരു പടയാളിക്ക് പല ഗുണങ്ങളുായിരിക്കണം.അതിൽപ്പെട്ടതാണ് ഏറ്റവും അപകടസാദ്ധ്യതയുള്ള അവസ്ഥയിലും ഇസ്ലാമിനു വേി സേവനം ചെയ്യുവാനും പോരാടുവാനുമുള്ള അവന്റെ കഴിവ്. രാജ്യത്തിനും പതാകയ്ക്കും വേി അവന്റെ ഊർജ്ജം പൂർണ്ണരീതിയിൽ ഉപയോഗിക്കുക. സഹീഹിൽ ഇസ്ലാമിലെ ഒരംഗം ദൈവത്തിന്റെ പടയാളിയാണ്. ഇസ്ലാമിന്റെ കൊടിയ്ക്കു വേി തന്റെ ജീവിതം അർപ്പണം ചെയ്തിരിക്കുകയാണ്. തന്റെ വിശ്വാസ സംരക്ഷണത്തിന്റെ പ്രതിരോധത്തിനായി സമാധാന മാർഗ്ഗങ്ങളിലൂടെ അവൻ പോരാടുന്നു. ഒരു പടയാളി എന്ന നിലയിൽ വീട്ടിൽ കുത്തിയിരിക്കുന്ന ഒരു മുസ്ലിമല്ല അവൻ. അവന്റെ ആത്മീയായുധം എല്ലാ ദിശകളിലേക്കും വീശുന്നതിനായി അവൻ പരിശ്രമിക്കുന്നു. സൂര്യന്റെ ചൂടോ, മഞ്ഞു പാളികളോ,ശീതക്കാറ്റോ, പേമാരിയോ,അഥവാ മറ്റ് അസൗകര്യങ്ങളോ അവനെ ഉത്തരവാദിത്വ നിർവ്വഹണത്തിനായി മാടി വിളിക്കുമ്പോൾ പിന്തിരിപ്പിക്കുകയില്ല. ഇസ്ലാമിനോടുള്ള സ്നേഹം നിമിത്തം അങ്ങേയറ്റത്തെ പ്രയാസങ്ങൾ സഹിക്കുവാൻ അവൻ തയാറായിരിക്കും. യഥാർത്ഥ വിശ്വാസം ഉോ എന്നുള്ള ഒരു പരീക്ഷണവും, ദൃഷ്ടാന്തവുമാണത്. മുൻകടന്ന മഹാന്മാരുടെ ജീവിത ചരിത്രത്തിൽ നിന്നും പാഠം ഉൾകൊ് അതുപോലെ ആയിത്തീരുവാൻ കഠിനപ്രയത്നം ചെയ്യുന്നവനാണ് സഹീഹിൽ ഇസ്ലാമിലെ ഓരോ അംഗവും.മുൻകടന്ന മഹാന്മാരുടെ ഗുണഗണങ്ങൾ തന്നിൽ ആവേശിച്ച് ഇസ്ലാമിനു വേി കൂടുതൽ ഊർജ്ജത്തോടെ പോരാടുവാൻ അവൻ തയാറാകുന്നു.

## ഇസ്ലാമിന്റെ സ്ഥാനപതി

ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ ഒരംഗത്തിന് പ്രത്യേകവും ഗൗരവാവഹവുമായ ഉത്തരവാദിത്വങ്ങളാണുള്ളത്. എന്തുകൊന്നൊൽ അവൻ ഈ നൂറ്റാിലെ ഖലീഫത്തുല്ലായുടെയും വാഗ്ദത്ത മിസിഹായുടെയും പ്രതിനിധി ആകുന്നു. ഇക്കാര്യം ഇസ്ലാമിലെ പ്രവാചക പ്രഭുവായ മുഹമ്മദ് മുസ്തഫ(സ.അ.) പ്രവചനം ചെയ്തിട്ടുള്ളതാകുന്നു. ഈ നൂറ്റാിലെ ഖലീഫത്തുല്ലാ എന്ന നിലയിൽ ഞാൻ ആഗതനായിരിക്കുന്നത് എന്റെ അനുയായികളെ ഇസ്ലാമിന്റെ ഓരോ അധ്യാപനവും, നിത്യജീവിതത്തിൽ വിശദമായി കാണിച്ചു കൊടുക്കുവാനും, അതവർ പ്രാവർത്തികമാക്കുവാനായി യാചിക്കുവാനുമാണ്. ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ ഓരോ അംഗവും ഇസ്ലാമിന്റെ വിലപ്പെട്ട അംബാസഡർമാരാണ്. അവർ ഓരോരുത്തരും അത്യുത്സാഹപൂർവ്വം ഇതിലെ ഓരോ അധ്യാപനവും വിടാതെ സൂക്ഷിക്കേതാണ്. പ്രവർത്തിയില്ലാത്ത വിശ്വാസം മരണതുല്യമാണ് എന്ന് പറയപ്പെട്ടിരിക്കുന്നു. ഇതറിയാവുന്ന ഓരോ സഹീഹിൽ ഇസ്ലാം അംഗവും ഇസ്ലാമിന്റെ യഥാർത്ഥ അധ്യാപനം അതിസൂക്ഷ്മതയോടെ ജീവിപ്പിക്കുവാൻ കഠിനാധ്വാനം ചെയ്യേതാണ്. ലോകത്തിന്റെ കണ്ണുകൾ അവന്റെ മേലാണ് എന്നതാണ്. ഒരു അംബാസഡർ നിശ്ചയമായും വിശ്വസ്തതയോടെ തന്റെ ഗവൺമെന്റിനെ പ്രതിനിധീകരിക്കുന്നു.അതുപോലെ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമി

ലെ ഓരോ അംഗവും വിശ്വസ്തതയോടെ  അവൻ പ്രതിനിധീകരിക്കുന്ന വിശ്വാസ സംഹിതയുടെ പ്രതിരൂപങ്ങളായിരിക്കണം.

## ഇസ്ലാമിന്റെ  ധർമ്മോപദേശകൻ

പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫാ(സ.അ.) ദൈവീക സന്ദേശവുമായി മാനവകുലത്തിനാകമാനം നിയോഗിക്കപ്പെട്ട ദൈവദൂതനാകുന്നു. തന്റെ വിശ്വാസ സംഹിത മറ്റുള്ളവരിലേക്ക് പകർന്നു കൊടുക്കുക എന്നത് ഓരോ മുസ്ലീമിന്റെയും ബാദ്ധ്യതയാണ്. മാത്രമല്ല ചില സാഹചര്യങ്ങളിൽ തന്റെ തന്നെ മുസ്ലീം സഹോദരന്മാർക്ക് മാർഗ്ഗദർശനം നല്കുകയും ഉപദേശിക്കുകയും ചെയ്യേിവരും. അങ്ങനെ വിശുദ്ധ ഖുർ ആൻ മുസ്ലീങ്ങളോട് സത്യത്തിനു വേി പരസ്പരം സഹായിക്കുവാൻ കല്പിക്കുന്നു. ജമാഅത്തുസ്സഹീഹിൽ ഇസ്ലാം, ഇസ്ലാമിന്റെ സന്ദേശം എല്ലായിടത്തും എത്തിക്കുവാനും അതിന്റെ തത്വം വിശദീകരിക്കുവാനുമുള്ള ശ്രമത്തിൽ ഏർപ്പെട്ടിരിക്കുന്നു. ലോകത്തിലെ പ്രമുഖമായ വിശ്വാസ സംഹിത ഇതാണ് എന്ന് ലോകം അതിവേഗം തിരിച്ചറിയാനുള്ള ധർമ്മസമരത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ ഓരോ അംഗവും മനുഷ്യരെ ദൈവമാർഗ്ഗത്തിലേക്കു ക്ഷണിക്കുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ആളായിരിക്കുന്നു. അവൻ എല്ലാവർക്കും, പലരീതിയിലും ധർമ്മോപദേശം നല്കുന്നു. ഈ ധർമ്മോപദേശം വിജയകരമായി ചെയ്യുന്നതിന് താനെന്താണോ പ്രബോധിക്കുന്നത് അത് തന്റെ ജീവിതത്തിലൂടെ കാണിച്ചു കൊടുക്കേതാണ്. ഖുർ ആനിലെ അധ്യാപനത്തിന്റെ സാരാംശം ഇതാണെന്ന് അവൻ നന്നായി മനസ്സിലാക്കുന്നു. സന്ദേശംഎത്തിക്കുന്ന രംഗത്ത് ഏറ്റവും അത്യാവശ്യമായി ഉായിരിക്കേ കാര്യം ഇതാണ് എന്നും അവൻ അറിയേ തു്.

## ഇസ്ലാമിന്റെ സേവകൻ

ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ ഒരംഗം അല്ലാഹുവിന്റെ സേവകനാകുന്നു. ഒരു നല്ല സേവകൻ രു ഗുണങ്ങളാൽ പ്രചോദിതനായിരിക്കും. (1). അവൻ ആദരണീയനായിരിക്കും.(2). അവൻ അനുസരണയുള്ളവനായിരിക്കും.

ഇസ്ലാമിക വിശ്വാസസംഹിതയിൽ അത്യാവശ്യമായും ഉായിരിക്കേ ഗുണമാണ് ദൈവത്തോടും അവന്റെ സൃഷ്ടികളോടുമുള്ള ആദരവ്. അധിപന്മാരുടെ അധിപനായ ദൈവത്തിനാണ് സമുന്നതമായ ആദരവും സ്നേഹവും നല്കേത്. ദൈവസൃഷ്ടികൾ ഓരോന്നും ദൈവം സൃഷ്ടിച്ചതാണല്ലോ. അതു കൊുതന്നെ അവ ഓരോന്നിനും അർഹമായ ആദരവ് നല്കേതാകുന്നു. ഒരു ദൈവദാസൻ എന്ന നിലയിൽ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ ഒരംഗം ദൈവത്തെ അനുസരിക്കുന്നവനായിരിക്കണം. ദൈവകല്പനകൾ അനുസരിക്കുന്നതിൽ അവൻ നിതാന്ത ജാഗ്രതയുള്ളവനായിരിക്കണം. അവന്റെ അതൃപ്തിക്കു കാരണമാകുന്ന യാതൊരു പ്രവൃത്തിയും ചെയ്യാതെ ജാഗ്രതയോടെ വർത്തിക്കേതാണ്. നമസ്കാരം കൃത്യമായി അനുഷ്ഠിക്കേതാണ്. നിയമാനുസൃതമുള്ള വ്രതാനുഷ്ടാനങ്ങൾ നിർവ്വഹിക്കേതാണ്. ഇസ്ലാമിക നിയമപ്രകാരം അവൻ സക്കാത്തും മറ്റു ദാനധർമ്മങ്ങളും നല്കേതാണ്. അതുപോലെ ഈ നൂറ്റാിലെ ഖലീഫത്തുല്ലായുടെ നിർദേശപ്രകാരം സംഭാവനകളും നല്കേതാണ്. ചൂതാട്ടം, നൃത്തം, മദ്യപാനം, പന്നിയിറച്ചി ഭക്ഷിക്കൽ, പലിശയ്ക്ക് പണം എടുക്കൽ, പലിശയ്ക്ക് പണം കൊടുക്കൽ,കള്ളം പറയുക, വാഗ്ദാനലംഘനം ചെയ്യുക, ചതിക്കുക മറ്റു നിരോധിക്കപ്പെട്ട കാര്യങ്ങൾ. എന്നാൽ ഏറ്റവും വലിയ തെറ്റായ ദൈവത്തിനു പങ്കുകാരെ ചേർക്കുക എന്നിവയിൽ നിന്നും പൂർണ്ണമായും ഒഴിഞ്ഞു മാറേതാണ്. ദൈവത്തെ അനുസരിക്കുക എന്നതായിരിക്കണം അവന്റെ പ്രത്യയശാസ്ത്രം.

## ഇസ്ലാമിന്റെ  രക്ഷകൻ

ഇസ്ലാമിന്റെ സുന്ദരനാമത്തിൻ മേൽ പ്രതിയോഗികൾ എല്ലാ ഭാഗത്തുനിന്നും ചാടിവീഴുകയാണ്. അതവർ ചെയ്യുന്നത് അജ്ഞതയിലൂടെയും മുൻകൂട്ടി ധരിച്ചിട്ടുള്ള തെറ്റായ തീരുമാനങ്ങളുടെയും വെളിച്ചത്തിലാണ്. ഒരു പക്ഷെ ഏറ്റവും അധികം തെറ്റദ്ധരിക്കപ്പെട്ട മതം ഇസ്ലാമാകുന്നു. ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ ഓരോ അംഗവും ഇസ്ലാമിനെ പറ്റി സ്വയം പഠിക്കുകയും, അതു തന്റെ മാത്രം മാർഗ്ഗദർശ്ശനത്തിനും ഉയർച്ചയ്ക്കും വേിയല്ല , മറിച്ച് ഇസ്ലാമിന്റെ വിമർശകരിൽ നിന്ന് ഇസ്ലാമിനെ രക്ഷിക്കുവാനുള്ള തയ്യാറെടുപ്പു കൂടിയാണ്. ആത്മീയ മൂല്യങ്ങൾ നഷ്ടപ്പെട്ട മനുഷ്യനിർമ്മിതമായ മതമാണ് ഇസ്ലാ

മെന്ന് ശക്തമായി വാദമുന്നയിക്കുന്നു്. എന്നാൽ ഈ വാദമുഖത്തിന് ഘടകവിരുദ്ധമായി ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ ഓരോ അംഗവും തന്റെ ജീവിതത്തിലൂടെ ഇസ്ലാം ഒരു ജീവനുള്ള മതമാണെന്ന് സമർത്ഥിക്കുന്നു. അത് ഒരു വ്യക്തിയുടെ വ്യക്തിത്വത്തെ വികാസമുള്ളതാക്കുകയും,അത് അവന്റെ ആത്മാവിനെ ഭംഗിയുറ്റതും, സംശുദ്ധവുമാക്കുന്നു. ജമാഅത്തുസ്സഹീഹിലെ ഒരംഗം, ഇസ്ലാമിന്റെ ആത്മീയതയുടെ ഉദ്ദിഷ്ടഫലം തെളിയിക്കുന്നതിനു വേി തന്റെ വ്യക്തിത്വത്തെ മാതൃകാ യോഗ്യമാക്കി തീർക്കുന്നതിനായി കഠിനാധ്വാനം ചെയ്യേ താണ്. ഇസ്ലാമിൽ ജീവിക്കുന്നതിലൂടെ ജമാഅത്തുസ്സഹീഹിലെ ഒരംഗം ഇസ്ലാമിനു വേിയുള്ള ഏറ്റവും നല്ല രക്ഷാപ്രവർത്തനമാണ് നടത്തുന്നത്.

## ഇസ്ലാമിന്റെ മൂർത്തിമദ്ഭാവം

ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ ഒരംഗം തീർച്ചയായും ഒരു മുസ്ലിമാകുന്നു.അവന്റെ മനസ് അദ്ഭുതകരമായ ആത്മീയസത്യങ്ങളാൽ നിറയപ്പെട്ടതാണ്. എന്നാൽ അത് മറ്റുള്ളവർക്ക് തികച്ചും, മറയ്ക്കപ്പെട്ടതുമായിരിക്കും. ഈ സത്യങ്ങൾ അവനിൽ ആഴത്തിൽ സ്വാധീനം ചെലുത്തിയിട്ടുാകും. ദൈവസന്നിധിയിൽ നിന്നും അവനിത് കത്തെുകയും ആശ്വാസം കൊള്ളുകയും ചെയ്യുന്നു. മനുഷ്യനെന്ന നിലയിൽ തന്റെ കുടുംബത്തോടും, ബന്ധുക്കളോടും, കൂട്ടുകാരോടും പ്രകൃതിപരമായ ഒരടുപ്പം, സ്നേഹം തീർച്ചയായും ഉാകുന്നതാണ്. ഈ വൈകാരികാവേശം ഈ ബന്ധങ്ങളിൽ നിഴലിക്കുമെങ്കിലും അവൻ ഒരിക്കലും ദൈവവുമായുള്ള ദൃഢഭക്തി മറക്കുന്നവനല്ല. ദൈവം അവനെ തന്റെ തന്നെ കുടുംബത്തിലെ അംഗങ്ങളുമായി പരീക്ഷണ വിധേയമാക്കുന്നതാണ്. തന്റെ കുടുംബാംഗങ്ങൾ ദൈവത്തെയും അവന്റെ ഈ നൂറ്റാിലെ ദൂതനെയും നിഷേധിക്കുന്നവരാണെങ്കിൽ, ആരെയാണോ അവൻ അംഗീകരിക്കുകയും സത്യപ്പെടുത്തുകയും ചെയ്തിരിക്കുന്നത് (അല്ലാഹുവിനെയും അവന്റെ ഖലീഫത്തുല്ലായെയും) അപ്പോൾ അവനറിയാം ഭൂമിയിലുള്ള മറ്റൊരു ജീവിയെക്കാളും അവന്റെ ഹൃദയത്തിൽ മുൻഗണന നല്കേത് അല്ലാഹുവിനും അവന്റെ ഖലീഫത്തുല്ലായ്ക്കുമാണെന്ന്; അവന്റെ പിതാവിനെക്കാളും, മാതാവിനെക്കാളും,അടുത്ത ബന്ധുക്കളെക്കാളും.... ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ ഒരംഗം യഥാർത്ഥ അർത്ഥത്തിൽ ഒരു പടയാളി ആയാൽ, സ്ഥാനപതി ആയാൽ, ധർമ്മോപദേശകൻ ആയാൽ, സേവകനായാൽ, സംരക്ഷകനായാൽ, അപ്പോൾ, അപ്പോൾ മാത്രമാണ് അവൻ ഇസ്ലാമിന്റെ മൂർത്തിമദ് ഭാവമായി വിടരുന്നത്. അല്ലാഹുവിന്റെയും അവന്റെ ഈ നൂറ്റാിലെ ഖലീഫയുടെയും–അഭിപ്രായത്തിൽ

''ദൈവം അവന്റെ കണ്ണായി മാറുന്നു.അവൻ ആ കണ്ണിലൂടെ കാണുന്നു.ദൈവം അവന്റെ നാവായി മാറുന്നു; ആ നാവിലൂടെ സംസാരിക്കുന്നു. ദൈവം അവന്റെ കയ്യായി മാറുന്നു. ആ കൈകൊവൻ എതിർത്തു നില്ക്കുന്നു; പ്രതിരോധിക്കുന്നു..ദൈവം അവന്റെ ചെവിയായി മാറുന്നു; അതുകൊവൻ കേൾക്കുന്നു. ദൈവം അവന്റെ കാലായി മാറുന്നു; അതുകൊ് അവൻ നടക്കുന്നു.''

നിങ്ങളെ എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ; ''തബ്ലീഗിന്റെ'' വലിയ പ്രധാന്യം അറിയുവാൻ അവൻ സഹായിക്കട്ടെ; അങ്ങനെ നിങ്ങളോരോരുത്തരും യാഥാർത്ഥ്യ ബോധത്തോടെയും ആത്മാർത്ഥതയോടെയും ദൈവത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നവരായിത്തീരട്ടെ; പ്രാർത്ഥന സ്വീകരിച്ചാലും നാഥാ.

*Translated by:*

*R. Jamaludin Raother, Amir*

*Jamaat Ul Sahih Al Islam kerala*
*Ph: 9447001832, 0475-2252530*
*Email: jamal.raother@gmail.com*
*Website: http://www.jamaat-ul-sahih-al-islam.com*